ക്കുന്ന സിഖ് ഉഗ്രവാദികൾക്ക് ഉറപ്പുണ്ട്. അവരുടെ അണികൾ പെരുകിവരുന്നതിന് ഒരു കാരണം ഈ ഉറപ്പാകുന്നു.

കുററവാളികളെ കോടതികളിൽ ഹാജരാക്കുന്നതും, കുററം തെളിയിച്ച് അവരെ സാധാരണ ക്രിമിനൽ നിയമങ്ങളനുസരിച്ച് ശിക്ഷിക്കുന്നതും പരിഷ്കൃതസർക്കാരുകളുടെ കടമയാണ്. സിഖ് ഉഗ്രവാദികളെ സംബന്ധിച്ചിടത്തോളം ഈ കടമ നിറവേററുന്നതിൽ പഞ്ചാബ് ഗവണ്മെൻറാ, ഇന്ത്യയിലെ കേന്ദ്രഗവണ്മെൻറാ ഇന്നോളം പരാജയപ്പെട്ടിരിക്കുന്നു. ഈ നില തുടരുന്ന കാലത്തോളം സിഖുകാരുടെ ഉഗ്രവാദത്തെ പൂർണമായും അവസാനിപ്പിക്കുക അസാദ്ധ്യമായിരിക്കും.

(31 ആഗസ്റ്റ് 1987)

# 6. ഇന്ത്യ-ശ്രീലങ്ക കരാർ

1987 ജൂലൈ 29-ാം തീയതി ശ്രീലങ്ക ജനാധിപത്യ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിന്റെ പ്രസിഡണ്ടായ ശ്രീ ജെ. ആർ. ജയവർധനേയും ഇന്ത്യൻ റിപ്പബ്ലിക്കിന്റെ പ്രധാനമന്ത്രിയായ ശ്രീ രാജീവ്ഗാന്ധിയും കൊളംബോനഗരത്തിൽ ഒപ്പുവെച്ച കരാർ സമകാലചരിത്രത്തിലെ സുപ്രധാന രേഖകളിലൊന്നാണ്. കരാറിന്റെ ഉള്ളടക്കത്തിലേക്കും, കരാർ നടപ്പിൽ വന്നാൽ അതിന്റെ ഫലമായി ശ്രീലങ്കയിലും ഇന്ത്യയിലും പ്രത്യേകമായും ദക്ഷിണേഷ്യയിൽ സാമാന്യേനയും ഉണ്ടാകാവുന്ന സംഭവവികാസങ്ങളിലേക്കും പ്രവേശിക്കുന്നതിനു മുമ്പിൽ, കരാറിലേക്കു നയിച്ച ചരിത്രവസ്തുതകളെപ്പററി സംക്ഷിപ്തമായി പ്രതിപാദിക്കേണ്ടിയിരിക്കുന്നു.

1947-ൽ ബ്രിട്ടീഷ് ഭരണത്തിൽനിന്ന് സ്വാതന്ത്ര്യം നേടിയ ശ്രീലങ്ക 1972-ൽ ഒരു റിപ്പബ്ലിക് ആയി പ്രഖ്യാപിക്കപ്പെട്ടു. 65,610 ചതുരശ്ര കിലോമീററോളം വലിപ്പമുള്ള ശ്രീലങ്കയിൽ (കേരളം:38,863 ചതുരശ്ര കിലോമീററർ) 1981-ലെ ജനഗണനപ്രകാരം 1,48,46,750 ജനങ്ങൾ ആണുള്ളത്. (കേരളത്തിൽ 2,54,53,680). ശ്രീലങ്കയിലെ ജനങ്ങളിൽ വലിയ ഭൂരിപക്ഷം, ഇന്ത്യയിലെ ബീഹാർ, ബംഗാൾ, ഒറീസ്സ മുതലായ പ്രദേശങ്ങളിൽനിന്ന ക്രി. മു. ആറാം നൂററാണ്ടുമുതൽ അവിടെ കുടിയേറിപ്പാർത്ത സിംഹളരാണ്. ഇവർ ഹീനയാന ബുദ്ധമത വിശ്വാസികളാകുന്നു. ഇവരുടെ ആറിലൊന്നോളം വരും, ക്രിസ്തുവർഷാരംഭംമുതല്ക്കുതന്നെ ശ്രീലങ്കയുടെ വടക്കും കിഴക്കും പ്രദേശങ്ങളിൽ കുടിയേറിപ്പാർത്ത ഹിന്ദുമതവിശ്വാസികളായ തമിഴർ. ഇവർക്കു പുറമേ, 'മൂറുകൾ' എന്നറിയപ്പെടുന്ന പത്തര ലക്ഷത്തോളം മുസ്ലിങ്ങളും 'ബർഗർമാർ' എന്നറിയപ്പെടുന്ന കുറെ ആംഗ്ലോ-സിംഹളരും തോട്ടങ്ങളിൽ തൊഴിലാളികളായ, ശ്രീലങ്കാപൗരത്വമില്ലാത്ത, രണ്ടര ലക്ഷത്തോളം ഇന്ത്യൻ തമിഴരും ശ്രീലങ്കയിലെ നിവാസികളിൽപ്പെടുന്നു.

ഇംഗ്ലീഷ് വിദ്യാഭ്യാസകാര്യത്തിൽ സിംഹളരേക്കാൾ എത്രയോ മുന്നിട്ടുനിന്നിരുന്ന ശ്രീലങ്കയിലെ തമിഴർക്ക്, സ്വാതന്ത്ര്യം കൈവരുന്ന അവസരത്തിൽ, ജനസംഖ്യാനുപാതത്തിൽ കവിഞ്ഞ പ്രാതിനിധ്യം അവിടത്തെ സക്കാറുദ്യോഗങ്ങളിലുണ്ടായിരുന്നു. 1956-ൽ സിംഹളക്ക് ബഹുഭൂരിപക്ഷമുള്ള അന്നത്തെ ശ്രീലങ്ക പാർലമെൻറിന് അവിടത്തെ ഏകഭരണഭാഷ സിംഹളം ആയിരിക്കുമെന്നു പ്രഖ്യാപിച്ചു. തമിഴ്-ഭൂരിപക്ഷ-പ്രദേശങ്ങളിൽ ഭരണത്തിന്റെ ഉചിതതലങ്ങളിൽ തമിഴ് ഉപ

യോഗിക്കപ്പെടുമെന്ന് പിന്നീട് പ്രഖ്യാപിച്ചുവെങ്കിലും, താമസിയാതെ തമിഴർ ഉദ്യോഗങ്ങളിൽനിന്നും വൈദ്യം, എൻജിനീയറിങ് മുതലായ വിദഗ്ധതൊഴിലുകളിൽനിന്നും പിൻതള്ളപ്പെട്ടുതുടങ്ങി. സ്വാഭാവികമായും തമിഴർ ഇതിൽ അസ്വസ്ഥരായി. സിംഹളത്തോടൊപ്പം തമിഴും ശ്രീലങ്കയിലെ ഭരണഭാഷയായി അംഗീകരിക്കപ്പെടണമെന്ന അവരുടെ ആവശ്യം നിരസിക്കപ്പെട്ടപ്പോൾ, ശ്രീലങ്കയിലെ ആകെ ഭൂവിസ്തൃതിയിൽ മൂന്നിലൊന്നോളം വരുന്ന തമിഴ്—ഭൂരിപക്ഷ—പ്രദേശങ്ങൾ ശ്രീലങ്കയിൽനിന്നു വേർപെടുത്തി 'ഈഴം' എന്ന പേരിൽ ഒരു സ്വതന്ത്രരാഷ്ട്രമാക്കുന്നതിന് അവർ പരിശ്രമിച്ചുതുടങ്ങി. ഈ ആവശ്യം മുഖ്യമായി ഉയർത്തിപ്പിടിച്ചുകൊണ്ട് 1977—ൽ സിലോൺ പാർലമെൻറിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിച്ച 'തമിഴ് യുണൈറ്റഡ് ലിബറേഷൻ ഫ്രണ്ട്' (തുൽഫ്) എന്ന പാർട്ടിക്ക് തമിഴ്—ഭൂരിപക്ഷ—പ്രദേശത്തുനിന്നുള്ള പതിനാറു സ്ഥാനങ്ങളും കൈയടക്കാൻ കഴിഞ്ഞു. പക്ഷേ, സമാധാനപരമായ പാർലമെൻററി പ്രവർത്തനങ്ങളിലൂടെ 'ഈഴം' എന്ന സ്വതന്ത്രരാഷ്ട്രം രൂപവൽകരിക്കാൻ കഴിയുമെന്ന വിശ്വാസം ശ്രീലങ്കയിലെ തമിഴ്—യുവജനങ്ങൾക്കില്ലായിരുന്നു. അവർ സ്വകാര്യമായി പല സായുധസംഘടനകളും രൂപവൽക്കരിച്ചു; മറുനാടുകളിൽ പോയി ആയുധപ്രയോഗപരിശീലനം നേടി; വൻതോതിൽ ആയുധങ്ങൾ സംഭരിക്കുകയും ചെയ്തു.

1983 ജൂലൈ 23—ാം തീയതി അർദ്ധരാത്രിക്ക് അല്പം മുമ്പ് തമിഴ് ഭൂരിപക്ഷപ്രദേശമായ യാഴ്പ്പാണത്ത് (ജാഫ്നയിൽ) കൂടെ ഒരു ജീപ്പിലും ട്രക്കിലുമായി സഞ്ചരിച്ചിരുന്ന സിംഹളരായ പതിമ്മൂന്നു പട്ടാളക്കാർ കൈബോംബെറിഞ്ഞും വെടിവെച്ചും കൊല്ലപ്പെട്ടു. 'തമിഴ്—ഈഴം വിടുതലൈപ്പുലികൾ' (ലിബറേഷൻ ടൈഗേഴ്സ് ഓഫ് തമിഴ് ഈഴം—എൽ. ടി. ടി. ഇ) എന്നറിയപ്പെട്ടിരുന്ന ഭീകര പ്രവർത്തകരായിരുന്നു ഈ കൂട്ടക്കൊലയുടെ പിന്നിൽ എന്നു വിശ്വസിക്കപ്പെടുന്നു. ഈ സംഘടനയിൽപ്പെട്ട ഏതാനുംപേർ ആ സമയത്ത് കൊളംബോ നഗരത്തിലെ ജയിലിലുണ്ടായിരുന്നു. ഇവരുടെ നേതാവായ, വധശിക്ഷയ്ക്കു വിധിക്കപ്പെട്ടിരുന്ന, ഇരുപത്തേഴു വയസ്സായ, കുട്ടിമണിയും വേറെ, മുപ്പത്താറു 'വിടുതലൈപ്പുലി'കളും 1983 ജൂലൈ 26—ാം തീയതി രാത്രി ജയിലിൽ വെച്ചു മൃഗീയമായി വധിക്കപ്പെട്ടു. ജയിൽ അധികൃതർ നോക്കിനിൽക്കെ, സിംഹളരായ ജയിൽപ്പുള്ളികളാണത്രെ ഇവരെ കൊന്നത്.

പിന്നീടുള്ള നാലു വർഷങ്ങളിൽ വൻതോതിലുള്ള ഒരു ആഭ്യന്തരസമരമാണ് ശ്രീലങ്കയിൽ നടന്നുകൊണ്ടിരുന്നത്. ഗവൺമെൻറിൻെറ പോലീസും, പിന്നീട് പട്ടാളവും, തമിഴർക്കെതിരായ മർദനം ശക്തിപ്പെടുത്തിയപ്പോൾ, ലക്ഷക്കണക്കിന് അഭയാർഥികൾ നാടും വീടും വിട്ട് ഇന്ത്യയിലേക്ക് ഓടിപ്പോന്നു. 'വിടുതലൈപ്പുലി'കൾപോലുള്ള ഒളിപ്പോരാളികളുടെ സംഘടനകൾ ഇന്ത്യയിൽ താവളങ്ങളുണ്ടാക്കി. ഇവർക്ക് തമിഴ്നാട്ഗവൺമെൻറ് സഹായം നൽകുന്നതായി ശ്രീലങ്ക സർക്കാർ ആരോപിച്ചു. ഒളിപ്പോരാളികളെ ചെറുക്കുന്നതിന് ഇസ്രായേൽ, പാകിസ്ഥാൻ മുതലായ, ഇന്ത്യയോട് എതിർപ്പുള്ള, രാഷ്ട്രങ്ങളുടെ സഹായം ശ്രീലങ്കാസർക്കാർ തേടി. ഒളിപ്പോരാളികളുമായി നേരിട്ടു യുദ്ധംചെയ്യുന്നത് അസാദ്ധ്യമായപ്പോൾ, തമിഴ്—ഭൂരിപക്ഷ പ്രദേശങ്ങളിലെ നിവാസികൾക്ക് ഭക്ഷ്യവസ്തുക്കളും മണ്ണെണ്ണപോലുള്ള നിത്യോപയോഗ വസ്തുക്കളും ലഭിക്കുന്നത് ശ്രീലങ്ക സർക്കാർ തടഞ്ഞു. ഇതിൻഫലമായി തമിഴ് ഭൂരിപക്ഷപ്രദേശത്ത് രൂക്ഷമായ ക്ഷാമം ഉണ്ടായി. ക്ഷാമബാധിതരായ തമിഴർക്ക് കപ്പൽവഴി ഭക്ഷ്യവസ്തുക്കളും ഔഷധങ്ങളും എത്തിക്കുവാൻ തങ്ങളെ അനുവദിക്കണമെന്ന ഇന്ത്യാഗവൺമെൻറിൻെറ ഭൂതദയാ

പരമായ ആവശ്യത്തെ ശ്രീലങ്കാഗവണ്മെൻറ് നിരസിച്ചു; ഭക്ഷ്യവസ്തുക്കളുമായി തമിഴ്നാട്ടിൽനിന്നു പുറപ്പെട്ട കപ്പലുകളെ നടുക്കടലിൽവെച്ച് ശ്രീലങ്കയുടെ നാവികപ്പട തടയുകയുംചെയ്തു.

ശ്രീലങ്കയിലെ ആഭ്യന്തരസമരം മൂർച്ഛിക്കുകയും, അതിൻഫലമായി ഇന്ത്യയിലെ തമിഴ്നാട്ടിൽ വ്യാപകമായ അസ്വാസ്ഥ്യങ്ങൾ പൊട്ടിപ്പുറപ്പെടുകയുംചെയ്യുമെന്ന് ഉറപ്പായപ്പോൾ ഇന്ത്യാ ഗവണ്മെൻറ് ചില അസാധാരണ നടപടികൾ കൈക്കൊണ്ടു. ശ്രീലങ്ക ഗവണ്മെൻറിൻെറ എതിർപ്പിനെ വകവെക്കാതെ ഇന്ത്യൻ വിമാനസേന ശ്രീലങ്കയുടെ വടക്കും കിഴക്കും പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഭക്ഷണവും ഔഷധങ്ങളും ആകാശത്തുനിന്ന് പാരച്യൂട്ടുകൾവഴി ഇട്ടുകൊടുത്തു. ഇതിനെത്തുടർന്ന്, കപ്പലിൽ ഭക്ഷ്യ–ഔഷധ–സഹായം തമിഴർക്ക് എത്തിച്ചുകൊടുക്കുവാൻ ശ്രീലങ്കാഗവണ്മെൻറ് ഇന്ത്യാഗവണ്മെൻറിന് അനുവാദം നൽകി.

ശ്രീലങ്കയിലെ തമിഴരുടെ പ്രശ്നം ബലപ്രയോഗത്തിലൂടെ പരിഹരിക്കാനാവുകയില്ലെന്ന് ഒടുവിൽ പ്രസിഡണ്ട് ജയവർധനേക്കു വ്യക്തമായി. ഇന്ത്യയിലെ ഒരു സംസ്ഥാനത്തിനുള്ളതിനു് ഏറെക്കുറെ തുല്യമായ പദവി ശ്രീലങ്ക റിപ്പബ്ലിക്കിനകത്ത് തമിഴ് ഭൂരിപക്ഷപ്രദേശങ്ങൾക്ക് അനുവദിക്കുകയും, ശ്രീലങ്കയുടെ ഭരണഭാഷയായി തമിഴിനെക്കൂടി അംഗീകരിക്കുകയുംചെയ്തുകൊണ്ട്, അനുരഞ്ജനത്തിൻേറതായ മാർഗത്തിലൂടെ കലാപങ്ങൾക്ക് ഉപശാന്തി വരുത്തുവാൻ അദ്ദേഹം തീരുമാനിച്ചു. ശ്രീലങ്കാ പ്രധാനമന്ത്രിയായ പ്രേമദാസയും, മന്ത്രിസഭയിലെ വേറെ ചില അംഗങ്ങളും ഇത്തരമൊരു വിട്ടുവീഴ്ചയ്ക്കെതിരായിരുന്നു. അവരെ അവഗണിച്ചുതന്നെ മുന്നോട്ടു പോകുവാൻ ജയവർധനേ സന്നദ്ധനായി.

പക്ഷേ, കലാപത്തിൻെറ കൊടിക്കൂറ ഉയർത്തിയ വിടുതലൈപ്പുലികളെയും മററ് ഒളിപ്പോരാളികളെയും എങ്ങനെ അനുനയിപ്പിച്ച് ആയുധം വെപ്പിക്കും? സ്വതന്ത്രമായ 'തമിഴ്–ഈഴം' എന്ന തങ്ങളുടെ ലക്ഷ്യം കൈ എത്താവുന്നത്ര അടുത്തെത്തിയിരിക്കുന്നു എന്ന വിശ്വാസമാണ് അവർക്ക്. അതിനാൽ, തമിഴരുടെ ന്യായമായ ആവശ്യങ്ങൾ വകവെച്ചുകൊടുത്ത്, ജനാധിപത്യപരമായ രീതിയിൽ, രാഷ്ട്രീയനടപടികളിലൂടെ, ശ്രീലങ്കയിൽസമാധാനം കൈവരുത്തുന്നതിനുവേണ്ടി നിരന്തരമായും, പലപ്പോഴും ശ്രീലങ്കൻ അധികൃതരിൽനിന്ന് അപമാനം സഹിച്ചും പ്രവർത്തിച്ചുപോന്ന ഇന്ത്യാഗവണ്മെൻറിൻെറ സഹായം തേടാൻ ശ്രീ ജയവർധനേ നിർബദ്ധനായി. നയതന്ത്രതലത്തിൽ നടന്ന നീണ്ട കൂടിയാലോചനകളുടെ ഫലമായി ഇന്ത്യ–ശ്രീലങ്ക കരാർ കൊളംബോ നഗരത്തിൽ ഒപ്പുവെക്കപ്പെട്ടതു് ഈ സാഹചര്യത്തിലാണ്.

ശ്രീലങ്കയിലെ തമിഴ്–ഭൂരിപക്ഷ–പ്രദേശങ്ങൾ ഒന്നിച്ചുചേർത്ത് ഒരു സംസ്ഥാനം രൂപവല്കരിക്കുമെന്നും, ഈ സംസ്ഥാനത്തിൽ ഒരു ഗവർണറും ഒരു മുഖ്യമന്ത്രിയും ഒരു മന്ത്രിസഭയും ഉണ്ടായിരിക്കുമെന്നും, സിംഹളർക്കു തുല്യമായ പദവി തമിഴർക്കും സിംഹളത്തിനു തുല്യമായ പദവി തമിഴിനും ശ്രീലങ്കയിൽ എല്ലായിടത്തും ഉണ്ടായിരിക്കുമെന്നും ഈ കരാറിൽ ശ്രീ ജയവർധനേ അസന്ദിഗ്ദ്ധമായി ഉറപ്പു നൽകിയിട്ടുണ്ട്. തമിഴ് ഭൂരിപക്ഷപ്രദേശങ്ങളിൽനിന്ന് ശ്രീലങ്കയുടെ പട്ടാളങ്ങൾ പിന്മാറുമ്പോൾ, തമിഴ് ഒളിപ്പോരാളികൾ ആയുധംവെച്ച് സാധാരണ ജീവിതത്തിലേക്കു തിരിച്ചുപോകുമെന്നും, ഇവരുടെ ആയുധങ്ങൾ വാങ്ങാൻ ഇന്ത്യയിലെ പട്ടാളത്തെ ഈ പ്രദേശങ്ങളിൽ കുറെക്കാലം നിർത്തുമെന്നും ഇന്ത്യാഗവണ്മെൻറിനുവേണ്ടി പ്രധാനമന്ത്രി രാജീവ്ഗാന്ധി ഈ കരാറിൽ സമ്മതിച്ചു.

വളരെ വൈമനസ്യത്തോടെയാണെങ്കിലും, ഇന്ത്യൻ പട്ടാളത്തിന്

തങ്ങളുടെ ആയുധങ്ങൾ ഏല്പിച്ചുകൊടുക്കാൻ പ്രധാനപ്പെട്ട ഒളിപ്പോരാളി ഗ്രൂപ്പുകൾ തയ്യാറായി. ഇതനുസരിച്ച്, ഇതെഴുതുന്ന അവസരത്തിൽ (ആഗസ്റ്റ് 4–ാം തീയതി) ആറായിരത്തോളം പട്ടാളക്കാർ അടങ്ങുന്ന രണ്ട് ഇന്ത്യൻ ബ്രിഗേഡുകൾ ശ്രീലങ്കയിൽ എത്തിയിട്ടുണ്ട്. ശ്രീലങ്ക സർക്കാരും ജനങ്ങളും ഒളിപ്പോരാളികളും ഇവരോട് സഹകരിക്കുന്നുമുണ്ട്. ഏതാനും ഒളിപ്പോരാളികൾ ഇതിനകം ആയുധങ്ങൾ ഇന്ത്യൻ പട്ടാളക്കാരെ ഏല്പിച്ചുകൊടുത്തിരിക്കുന്നു.

ശ്രീലങ്കയുടെ ഐക്യവും പരമാധികാരവും അഖണ്ഡതയും സംരക്ഷിക്കുകയാണ് ഇന്ത്യ–ശ്രീലങ്കകരാറിന്റെ മുഖ്യ ഉദ്ദേശ്യം. അതേസമയം പല ഭാഷകൾ സംസാരിക്കുന്ന സിംഹളർ, തമിഴർ, മുസ്ലിങ്ങൾ (മൂറുകൾ) ആംഗ്ലോ–സിംഹളർ (ബർഗർമാർ)എന്നീ വ്യത്യസ്തജനജാതികൾ അടങ്ങിയ ഒരു ബഹുജാത്മക (പ്ലൂരൽ) സമൂഹമാണ് ശ്രീലങ്കയിലുള്ളത് എന്ന വസ്തുത കരാർ അംഗീകരിക്കുന്നു. ഈ ജനജാതികളുടെ ഭാഷാപരവും സാംസ്കാരികവുമായ വ്യക്തിത്വം സംരക്ഷണവും പോഷണവും അർഹിക്കുന്നുണ്ട്. ചരിത്രപരങ്ങളായ കാരണങ്ങളാൽ ശ്രീലങ്കയിലെ വടക്കും കിഴക്കും ഭാഗങ്ങളിൽ പണ്ടുമുതൽ തമിഴർ മററു ജനവിഭാഗങ്ങളോടൊപ്പം പാർത്തുവരുന്നു. ഈ പ്രദേശങ്ങളെ വേർതിരിച്ച് ഒരു ഭരണഘടകം ആക്കാൻ ശ്രീലങ്കാ ഗവണ്മെൻറ് ഇപ്പോൾ സന്നദ്ധമാണ്. ഈ ഭരണഘടകത്തിന് ഒരു ഗവർണരും ഒരു മുഖ്യമന്ത്രിയും ഒരു മന്ത്രിസഭയും, തിരഞ്ഞെടുത്ത ഒരു നിയമസഭയും (പ്രൊവിൻഷ്യൽ കൗൺസിൽ) ഉണ്ടായിരിക്കുമെന്നു പറഞ്ഞുവല്ലോ. 1988 ഡിസംബർ 31–നോ, അതിനു മുമ്പോ നടത്തുന്ന ഒരു ജനഹിതപരിശോധനയുടെ ഫലമനുസരിച്ച്, കിഴക്കൻ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഈ ഭരണഘടകത്തിൽ സ്ഥിരമായി ചേർന്നു നില്ക്കുകയോ, അതിൽനിന്നു വിട്ട്, വേറൊരു ഭരണഘടകമായി രൂപംകൊള്ളുകയോചെയ്യാവുന്നതാണ്. പ്രസിഡണ്ടിന്റെ ഇഷ്ടം അനുസരിച്ച്, വേണമെങ്കിൽ, ഈ ജനഹിതപരിശോധന നീട്ടിവെക്കുകയുംചെയ്യാം.

വടക്കും കിഴക്കും ഭാഗങ്ങൾ ഒന്നിച്ചുചേർത്തുള്ള ഭരണഘടകത്തിലെ നിയമസഭയിലേക്ക് (പ്രൊവിൻഷ്യൽ കൗൺസിലിലേക്ക്) 1987 ഡിസംബർ 31–നു മുമ്പായി തിരഞ്ഞെടുപ്പു നടത്തും. വടക്കൻ പ്രദേശങ്ങളിലെ പട്ടാളനടപടി ഉടൻ നിർത്തിവെക്കുകയും, പട്ടാളങ്ങളെ ബാരക്കുകളിലേക്കു തിരിച്ചു വിളിക്കുകയുംചെയ്യും. ഇതോടൊപ്പം ഒളിപ്പോരാളികൾ തങ്ങളുടെ ആയുധങ്ങൾ ഇന്ത്യൻ പട്ടാളത്തെ ഏല്പിക്കും. അങ്ങനെ ഈ പ്രദേശത്താകെ സമാധാനം നിലവിൽവരും. അതേസമയം ശ്രീലങ്കൻ സർക്കാരിന്റെ സാധാരണനിയമ–രാജ്യരക്ഷാസംവിധാനങ്ങൾ (പോലീസും കോടതികളും) വടക്ക്–കിഴക്ക്–പ്രദേശങ്ങളിൽ നിലനിൽക്കും.

എല്ലാ രാഷ്ട്രീയത്തടവുകാരെയും ശ്രീലങ്ക സർക്കാർ വിട്ടയയ്ക്കും. ഒളിപ്പോരാളികളെ പുനരധിവസിപ്പിക്കാനും, ദേശീയ ജീവിതധാരയിലേക്ക് അവരെ തിരിച്ചു കൊണ്ടുവരാനും ആവശ്യമായതെല്ലാം ശ്രീലങ്ക ഗവണ്മെൻറ് ചെയ്യും. ഇന്ത്യാഗവണ്മെൻറ് ഇതിൽ സഹകരിക്കും. ശ്രീലങ്ക സർക്കാർ ആവശ്യപ്പെട്ടാൽ, ഈ കരാർ നടപ്പിൽ വരുത്തുന്നതു സംബന്ധിച്ച കാര്യങ്ങളിൽ പട്ടാളസഹായം തുടർന്നു നൽകാനും ഇന്ത്യ സന്നദ്ധമാണ്. തമിഴ്നാട്ടിലെത്തിപ്പാർക്കുന്ന അഭയാർത്ഥികളെ ഇന്ത്യ ശ്രീലങ്കയിലേക്കു തിരിച്ചയയ്ക്കും; ശ്രീലങ്കയിലുള്ള ഇന്ത്യൻ പൗരന്മാരായ തോട്ടം തൊഴിലാളികളെ തിരികെ ഇന്ത്യയിലേക്കു കൊണ്ടുപോവുകയും ചെയ്യും. വടക്കും കിഴക്കും പ്രദേശങ്ങളിലെ ശ്രീലങ്കക്കാരുടെ സുരക്ഷയ്ക്ക്

ഇന്ത്യയിലെയും ശ്രീലങ്കയിലെയും സർക്കാരുകൾ കൂട്ടുത്തരവാദം വഹിക്കും.

ശ്രീലങ്കയിലെ ഔദ്യോഗികഭാഷ സിംഹളമായിരിക്കും; എങ്കിലും തമിഴും ഇംഗ്ലീഷും ഔദ്യോഗികഭാഷകളായി തുടരും.

ഒരൊററ രാഷ്ട്രം എന്ന നിലയിൽ ശ്രീലങ്കയുടെ ഐക്യവും അഖണ്ഡതയും ഈ കരാറിലൂടെ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. അതേസമയം, ശ്രീലങ്കയിലെ തമിഴർക്കു സ്വന്തമായ ഒരു സംസ്ഥാനം കൈവന്നിരിക്കുന്നു. അതിനകത്തു് തങ്ങളുടെ സംസ്കാരവും ഭാഷയും വളർത്താനും രാഷ്ട്രത്തിൻെറ പൊതുമേഖലകളിൽ സിംഹളർക്കൊപ്പം തുല്യാധികാരമുള്ള പൗരരായി പ്രവർത്തിക്കാനും അവർക്കു് അവസരം ലഭിച്ചിരിക്കുന്നു. ആത്മാർത്ഥതയോടെ നടപ്പിലാക്കുന്ന പക്ഷം, ഇന്ത്യാ—ശ്രീലങ്ക കരാർ ശ്രീലങ്കയിലെ വ്യത്യസ്ത ജനവിഭാഗങ്ങൾക്കിടയിൽ സമാധാനം ഉറപ്പുവരുത്തുകയും, ചുരുങ്ങിയ കാലത്തിനുള്ളിൽ ആ ദ്വീപരാഷ്ട്രത്തെ സമൃദ്ധിയിലേക്കു നയിക്കുകയുംചെയ്യുമെന്നു പ്രതീക്ഷിക്കാം.

എങ്കിലും ധാരാളം ആശങ്കകൾ അവശേഷിക്കുന്നുണ്ടു്. ശ്രീലങ്ക സ്വാതന്ത്ര്യം നേടുന്ന കാലത്തു് തമിഴർക്കു ഭൂരിപക്ഷമുണ്ടായിരുന്ന കിഴക്കൻ പ്രദേശങ്ങളിൽ ഇപ്പോൾ അവർ ന്യൂനപക്ഷമായിട്ടുണ്ടു്. ധാരാളം മുസ്ലിങ്ങൾ (മൂറുകൾ) അവിടെ പാർത്തുവരുന്നു. ഈ പ്രദേശത്തു് സിംഹളരെ കുടിയേററുകയെന്നതു് വളരെക്കാലമായി ശ്രീലങ്കാസർക്കാരിൻെറ ഒരു ആസൂത്രിതപരിപാടിയായിരുന്നു. ഇനി നടക്കാനിരിക്കുന്ന ജനഹിതപരിശോധനയിൽ, വടക്കുപ്രദേശത്തോടു ചേരാതെ ഒരു സ്വതന്ത്ര സംസ്ഥാനമായി നിൽക്കാൻ കിഴക്കൻ പ്രദേശത്തിലെ ഭൂരിപക്ഷം ജനങ്ങൾ തീരുമാനിച്ചാലോ? തീർച്ചയായും തമിഴരെ വളരെയധികം നിരാശരാക്കുന്ന ഒരു സംഭവവികാസമായിരിക്കും അതു്. അതേസമയം, ജനങ്ങളുടെ ഹിതത്തിനെതിരായി കിഴക്കൻ പ്രദേശങ്ങൾ വടക്കൻ പ്രദേശങ്ങളോടിണക്കണമെന്നു നിർബ്ബന്ധിക്കുന്നതു് ജനാധിപത്യതത്ത്വങ്ങൾക്കു നിരക്കുന്നതുമല്ല.

തങ്ങളുടേതായ ഒരു സംസ്ഥാനം നേടിക്കഴിഞ്ഞാൽ ശ്രീലങ്കയിലെ തമിഴർ, ക്രമേണ ആ സംസ്ഥാനത്തെ ഒരു സ്വതന്ത്രരാഷ്ട്രമായി പ്രഖ്യാപിച്ചേക്കുമെന്ന ഭയം സിംഹളർക്കുണ്ടു്. ഇന്ത്യ—ശ്രീലങ്ക കരാറിനെത്തുടർന്നു് കൊളംബോവിലും പരിസരങ്ങളിലും സിംഹളർ നടത്തിയ വ്യാപകങ്ങളായ ലഹളകൾക്കും നരഹത്യകൾക്കും അടിയിലുള്ളതു് അവരുടെ ഈ ഭയമാകുന്നു. ഇന്ത്യൻ പട്ടാളത്തെ ക്ഷണിച്ചുവരുത്തുകവഴി പ്രസിഡണ്ട് ജയവർദ്ധനേ ശ്രീലങ്കയുടെ സ്വാതന്ത്ര്യം ഇന്ത്യക്കു് അടിയറവെച്ചിരിക്കുകയാണെന്ന ധാരണയും സിംഹളരിൽ വ്യാപകമായി ഉണ്ടു്. വടക്കു്—കിഴക്കു് പ്രദേശത്തിലെ കൗൺസിലിലേക്കു നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പിലും ജനഹിതപരിശോധനയിലും ഇന്ത്യൻ നിരീക്ഷകർ സന്നിഹിതരായിരിക്കുമെന്നു് ഇരുസർക്കാരുകളും സമ്മതിച്ചിട്ടുള്ളതു് ഈ ധാരണയെ കൂടുതൽ ബലപ്പെടുത്തുന്നു. ഈ ആശങ്കയുടെ ഫലമായി, ഇന്ത്യ—ശ്രീലങ്ക കരാർ അംഗീകരിക്കാൻ ശ്രീലങ്ക പാർലമെൻറ് വിസമ്മതിച്ചുവെന്നുവരാം. അങ്ങനെ വന്നാൽ, പാർലമെൻറ് പിരിച്ചുവിട്ടു്, വീണ്ടും തിരഞ്ഞെടുപ്പു നടത്താൻ താൻ ഉത്തരവിടുമെന്നു് പ്രസിഡണ്ട് ജയവർദ്ധനേ അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ടു്. എന്തുചെയ്തും താൻ ഈ കരാർ നടപ്പിൽ വരുത്തുമെന്നു് അദ്ദേഹം ഉറപ്പു നൽകിയിട്ടുമുണ്ടു്. പക്ഷേ, സംഭവഗതികൾ ഏതു വഴിക്കു നീങ്ങുമെന്നു പറയാൻ സാദ്ധ്യമല്ല. പുതിയ പാർലമെൻറും ഇന്ത്യ—ശ്രീലങ്ക കരാർ അംഗീകരിക്കാതിരുന്നാലോ?

ശ്രീലങ്കയുടെ കിഴക്കുഭാഗത്തുള്ള ട്രിൻകോമാലി തുറമുഖം അമേരിക്ക

യുടെ ഒരു നാവികത്താവളമാക്കുന്നതിനായി ശ്രീലങ്ക സർക്കാർ വിട്ടുകൊടുക്കുമെന്നു കേട്ടിരുന്നു. ഒളിപ്പോരാളികളെ അമർത്തുന്നതിന് ബ്രിട്ടനിലെ ചില ചോററുപട്ടാളക്കാരുടെയും ഇസ്രായേലിലെ രഹസ്യപ്പോലീസിന്റെയും പാകിസ്ഥാൻ പട്ടാളത്തിന്റെയും സഹായം, പരിമിതമായെങ്കിലും, ശ്രീലങ്കാഗവണ്മെന്റ് തേടുകയുണ്ടായി. ഈ കാരണങ്ങളാൽ, അസ്വാസ്ഥ്യങ്ങൾ നീണ്ടുനിൽക്കുന്നപക്ഷം ഇന്ത്യയ്ക്കെതിരായ ശക്തികൾ ശ്രീലങ്കയിൽ ശക്തിപ്പെട്ടുവരാനും, അതിൻഫലമായി ഇന്ത്യയുടെ സുരക്ഷ ഈ പ്രദേശത്ത് അപകടത്തിലാവാനും സാദ്ധ്യതയുണ്ടായിരുന്നു. ചേരിചേരാപ്രസ്ഥാനത്തിനുതന്നെ ഇതൊരു വലിയ വിപത്താകുമായിരുന്നു. ഇന്ത്യ—ശ്രീലങ്ക കരാറിന്റെ ഫലമായി ഇപ്പോൾ ഈ സാദ്ധ്യതകൾ അകന്നുപോയിട്ടുണ്ട്. ശ്രീലങ്കൻ അഭയാർത്ഥികൾ തമിഴ്നാട് സർക്കാരിന് വമ്പിച്ചൊരു സാമ്പത്തികബാദ്ധ്യതയായിരുന്നു. ചിലപ്പോൾ അവർ തമിഴ്നാട്ടിൽ നിസ്സാരങ്ങളല്ലാത്ത സുരക്ഷാപ്രശ്നങ്ങളും സൃഷ്ടിച്ചിരുന്നു. ഈ അഭയാർത്ഥികളെയെല്ലാം തിരിച്ചയയ്ക്കാനുള്ള പരിതഃസ്ഥിതി ഉണ്ടായത്, തമിഴ്നാട് സർക്കാരിന് വലിയൊരാശ്വാസമായി അനുഭവപ്പെടാതിരിക്കുകയില്ല.

ഇന്നത്തെ ചുററുപാടിൽ ധീരവും ദീർഘകാല വീക്ഷണത്തിൽ സ്പൃഹണീയവുമായ ഒരു കാൽവെപ്പാണ് ഇന്ത്യ—ശ്രീലങ്ക കരാർ. തന്റെ ജീവൻ അപകടപ്പെടുത്തിയാണ് പ്രധാനമന്ത്രി രാജീവ്ഗാന്ധി ഈ കരാറിൽ ഒപ്പുവെക്കാൻ ശ്രീലങ്കയിലെത്തിയത്. ഇക്കഴിഞ്ഞ നാലു വർഷങ്ങളിൽ ഈ പ്രശ്നത്തിന് ഈ വിധത്തിൽ ഒരു പരിഹാരമുണ്ടാക്കാൻ തോന്നാഞ്ഞത് തന്റെ 'ബുദ്ധിമോശം'കൊണ്ടാണെന്ന് തുറന്നു പറഞ്ഞ പ്രസിഡണ്ട് ജയവർദ്ധനേയുടെ ആർജവം അഭിനന്ദനമർഹിക്കുന്നു. ലോകത്തിലെ മിക്ക രാഷ്ട്രനേതാക്കളും ഇന്ത്യ—ശ്രീലങ്ക കരാറിനെ സ്വാഗതംചെയ്തിട്ടുണ്ട്. ഇന്ത്യയുടെ വിദേശനയത്തിന് അയൽ രാജ്യങ്ങളിൽ കൈവന്ന അപൂർവം ചില വിജയങ്ങളിൽ പ്രധാനപ്പെട്ട ഒന്നായി ഈ കരാറിനെ കണക്കാക്കാവുന്നതാണ്.

(4 ആഗസ്റ്റ്, 1987)

# 7. ശ്രീലങ്കയിൽ ഇന്ത്യൻസേന

1987 ജൂലൈ 29—ാം തീയതി ശ്രീലങ്ക ജനാധിപത്യറിപ്പബ്ലിക്കിന്റെ പ്രസിഡണ്ടായ ശ്രീ ജയവർദ്ധനേയും ഇന്ത്യൻ റിപ്പബ്ലിക്കിന്റെ പ്രധാനമന്ത്രിയായ ശ്രീ രാജീവ്ഗാന്ധിയും കൊളംബോനഗരത്തിൽ ഒപ്പുവെച്ച കരാറിനെപ്പററി ഈ പംക്തികളിൽ ആഗസ്റ്റ് 4—ാം തീയതി ഞാൻ എഴുതിയിരുന്നു. ശ്രീലങ്കയുടെ ഭൂപ്രദേശത്തിൽ മൂന്നിലൊന്നോളം വരുന്ന തമിഴ് ഭൂരിപക്ഷപ്രദേശങ്ങൾ ചേർത്ത് ഒരു സംസ്ഥാനം രൂപവല്ക്കരിക്കാൻ ഈ കരാർ വ്യവസ്ഥചെയ്യുന്നു. ഈ പ്രദേശങ്ങളിൽനിന്ന് ശ്രീലങ്കയുടെ പട്ടാളം പിൻമാറുമെന്നും, അവിടങ്ങളിൽ ഇന്ത്യൻപട്ടാളം താല്ക്കാലികമായി നിലയുറപ്പിക്കുമെന്നും, ശ്രീലങ്കാപട്ടാളത്തിനെതിരെ പൊരുതിവരുന്ന തമിഴ് ഒളിപ്പോരാളികൾ തങ്ങളുടെ ആയുധങ്ങൾ ഇന്ത്യൻപട്ടാളത്തിന് ഏല്പിച്ചുകൊടുക്കുമെന്നും, തുടർന്ന് 1987 ഡിസംബർ 31—നു മുമ്പായി നടക്കുന്ന ജനാധിപത്യപരമായ തിരഞ്ഞെടുപ്പിലൂടെ നിലവിൽ വരുന്ന നിയമസഭ (പ്രൊവിൻഷ്യൽ കൗൺസിൽ) ഈ പ്രദേശങ്ങളുടെ ഭരണം ഏറെറടുക്കുമെന്നും, അതുവരെ ഈ പ്രദേശങ്ങളിലുള്ള